**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ്- മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്ത്- കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്റർ/സബ്ബ് ഡിപ്പോ സ്ഥാപിക്കുന്നതിന് 2 ഏക്കർ ഭൂമി തനതുഫണ്ടുപയോഗിച്ച് വാങ്ങുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം. 372/16/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 29.1.2016

പരാമർശം: 1) മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 21/03/15-ലെ V(38)/14-15 നമ്പർ തീരുമാനം.
2) മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27/04/15-ലെ എ 2-2941/15 നമ്പരിലുള്ള കത്ത്.
3) സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23/09/15-ലെ 3.27 നമ്പർ തീരുമാനം.

## ഉത്തരവ്

മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് പരിധിയിൽ പെരിക്കല്ലൂർ എന്ന സ്ഥലത്ത് കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്റർ/സബ്ബ് ഡിപ്പോ സ്ഥാപിക്കുന്നതിന് 2 ഏക്കർ ഭൂമി വാങ്ങുന്നതിന് പരാമർശം(1) പ്രകാരം മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച്, പരാമർശം(2) പ്രകാരം സർക്കാരിലേയ്ക്ക് അപേക്ഷിക്കുകയുണ്ടായി.

കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്റർ/സബ്ബ് ഡിപ്പോ സ്ഥാപിക്കുന്നതിന് 2 ഏക്കർ ഭൂമി വാങ്ങുന്നതിന് മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടുപയോഗിക്കുന്നതിന് കോ-ഓർഡിനേഷൻ കമ്മിറ്റി പരാമർശം (3) പ്രകാരം അനുമതി നല്കുകയുണ്ടായി.

അതിന്റെ അടിസ്ഥാനത്തിൽ , മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് പരിധിയിൽ പെരിക്കല്ലൂർ എന്ന സ്ഥലത്ത് കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിംഗ് സെന്റർ/സബ്ബ് ഡിപ്പോ സ്ഥാപിക്കുന്നതിന് 2 ഏക്കർ ഭൂമി, 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ,

....2/--

ചട്ടം 5-ലെ വ്യവസ്ഥകൾക്കുവിധേയമായി വാങ്ങുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ബി. മുരളീധരൻ നായർ
ഡെപ്യൂട്ടി സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

സെക്രട്ടറി/പ്രസിഡന്റ്, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് , മുള്ളൻകൊല്ലി പി.ഒ, വയനാട്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, വയനാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ